# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

26.03.2018-ന് മറുപടിയ്ക്ക്

**നക്ഷത്ര ചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നം. *526**

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.ഐ.ബി. സതീഷ്<br>,, ജോർജ് എം. തോമസ്<br>പ്രൊഫ.കെ.യു. അരുണൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്ത് എത്ര സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും അതിനായി എത്ര ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും വെളിപ്പെടുത്തുമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ 141 സ്കൂളുകളെ കിഫ്ബി മുഖേനയുള്ള അഞ്ചുകോടി രൂപ സർക്കാർ ധനസഹായത്തോടെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനും മൂന്നുകോടി രൂപ സർക്കാർ ധനസഹായത്തോടെ 229 സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ട് പ്രയോജനപ്പെടുത്തിക്കൊണ്ട് നിയോജക മണ്ഡലാടിസ്ഥാനത്തിൽ 140 എൽ.പി./യു.പി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. അഞ്ചുകോടി / മൂന്നുകോടി രൂപയുടെ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്ക് ലഭ്യമാകുന്ന സർക്കാർ ധനസഹായം യഥാക്രമം ഏകദേശം 702.61 കോടി രൂപയും 687 കോടി രൂപയുമാണ് (അറുനൂറ്റി എൺപത്തേഴ് കോടി രൂപ). 140 എൽ.പി./യു.പി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 14975.19 ലക്ഷം |

(നൂറ്റിനാൽപ്പത്തൊമ്പത് കോടി എഴുപത്തഞ്ച് ലക്ഷത്തി പത്തൊമ്പതിനായിരം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ എയ്ഡഡ് വിദ്യാലയങ്ങൾക്കായി 50 കോടി രൂപ ചലഞ്ച് ഫണ്ട് ഇനത്തിൽ നീക്കിവച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയ്ക്ക് പൊതുജനപങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (ബി) ഉണ്ട്. സ്കൂളുകൾ സജ്ജമാക്കുന്ന ക്ലാസ് മുറികളിലേയ്ക്കാണ് ഹൈടെക് ഉപകരണങ്ങൾ ലഭ്യമാക്കുന്നത്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ലഭിക്കുന്ന ഉപകരണങ്ങൾ സുരക്ഷിതമായി വയ്ക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അതത് സ്കൂളുകൾ തന്നെയായിരിക്കണം ഒരുക്കേണ്ടതെന്നും സ്കൂൾ പി.ടി.എ./എസ്.എം.സി., മാനേജ്മെന്റ്, പൂർവവിദ്യാർത്ഥി സമൂഹം, സ്കൂളിനോട് താത്പര്യമുള്ള സ്ഥാപനങ്ങൾ, വ്യക്തികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായം പ്രയോജനപ്പെടുത്താവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ചാണ് 33000ത്തിലധികം ക്ലാസ് മുറികൾ ഇപ്പോൾ സജ്ജമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ